പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.818 11.06.2014-ൽ മറുപടിക്ക്

## ചേലക്കര നിയോജകമണ്ഡലത്തിലെ കടിവെള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ). ചേലക്കര നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ നിർമ്മാണത്തിലിരിക്കുന്ന കടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും അറിയിക്കുമോ ; | (എ) | 1.കടങ്ങോടിനും സമീപ പഞ്ചായത്തു കൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതി (CARWSS)<br>ആരംഭം - 05/1993<br>2.ചെറുതുരുത്തി - നെടുമ്പുര വില്ലേജുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതി (SPAN - NABARD)<br>ആരംഭം - Phase I - 6/2010<br>- Phase II - 4/2009 |
| (ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുമ്പോൾ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും ഇപ്പോൾ നിലവിലുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഓരോ പദ്ധതിക്കും ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | 1. **കടങ്ങോട് പദ്ധതി**<br>ആരംഭിക്കുമ്പോഴുള്ള<br>എസ്റ്റിമേറ്റ് തുക - 720 ലക്ഷം രൂപ<br>നിലവിലുള്ള എസ്റ്റിമേറ്റ് തുക -1107.22 ലക്ഷം രൂപ<br>ഇതുവരെ ചെലവഴിച്ച തുക - 1107.22 ലക്ഷം രൂപ<br>2. **ചെറുതുരുത്തി - നെടുമ്പുര പദ്ധതി**<br>**Phase I**<br>ആരംഭിക്കുമ്പോഴുള്ള<br>എസ്റ്റിമേറ്റ് തുക - 374.23 ലക്ഷം രൂപ<br>നിലവിലുള്ള എസ്റ്റിമേറ്റ് തുക - 374.23 ലക്ഷം രൂപ<br>ഇതുവരെ ചെലവഴിച്ച തുക - 167.79 ലക്ഷം രൂപ<br>**Phase II**<br>ആരംഭിക്കുമ്പോഴുള്ള<br>എസ്റ്റിമേറ്റ് തുക - 570.00 ലക്ഷം രൂപ<br>നിലവിലുള്ള എസ്റ്റിമേറ്റ് തുക -570.00 ലക്ഷം രൂപ<br>ഇതുവരെ ചെലവഴിച്ച തുക - 298.99 ലക്ഷം രൂപ |

സി. ഈ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

സി 1.കടങ്ങോട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തികളെല്ലാം പൂർത്തീകരിച്ച് 2011 ൽ ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. വരവൂർ, എരുമപ്പെട്ടി, കടങ്ങോട് പഞ്ചായത്തുകളിലെ വിതരണ ശൃംഖലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ജലവിതരണം നടത്തുന്നുണ്ട്. വേലൂർ പഞ്ചായത്തിലെ വിതരണ ശൃംഖല, സ്രോതസ്സിലെ ജല ദൗർലഭ്യം മൂലം പൂർത്തീകരിച്ചിട്ടില്ല. സ്രോതസ്സിൽ ഒരു തടയണ ജലസേചന വകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് പൂർത്തീകരിച്ചാൽ മാത്രമേ വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കി പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

**ചെറുതുരുത്തി - നെടുമ്പുര പദ്ധതി**

**Phase I -** ശുദ്ധീകരണ ശാലയുടെ പ്രവൃത്തി ഏകദേശം 70 ശതമാനം പൂർത്തിയായി.

**Phase II -** വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി. ഇതിൽ റെയിൽ വേ ക്രോസിംഗ്, പി.ഡബ്ല്യൂ.ഡി റോഡ് ക്രോസിംഗ് എന്നിവ ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു.

ഡി. ഇതിൽ ഓരോ പദ്ധതിയും എപ്പോൾ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കുമോ ?

ഡി. (1) കടങ്ങോട് കുടിവെള്ള പദ്ധതി മാർച്ച് 2015 ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

(2) ചെറുതുരുത്തി -നെടുമ്പുര പദ്ധതി

**Phase I -** ശുദ്ധീകരണശാലയുടെ പ്രവൃത്തി 31.12.2014 ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

**Phase II -** വിതരണ ശൃംഖലയുടെ പ്രവൃത്തി - ഡിസംബർ 2014 ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ